എച്ച്.ആർ/സി.എൽ.ആർ ജീവനക്കാരെ എസ്.എൽ.ആർ ആയി നിയമിക്കാൻ നടപടി

53 (278) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോത്തുണ്ടി ഡാമിൽ എച്ച്.ആർ/സി.എൽ.ആർ. വിഭാഗങ്ങളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ എസ്.എൽ.ആർ. ആയി നിയമിക്കണം എന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) എച്ച്.ആർ/സി.എൽ.ആർ. വിഭാഗത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ എസ്.എൽ.ആർ. ആയി നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) ലഭിച്ചിട്ടുണ്ട്. ഇത്തരം ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് നല്കുവാൻ നിർദ്ദേശം നല്കിയിരിക്കുകയാണ്.

(സി&ഡി) 19-05-83-ന് മുമ്പ് സേവനത്തിലുണ്ടായിരുന്ന സി.എൽ.ആർ. ജീവനക്കാരെ സർവ്വീസ് ദൈർഘ്യം അടിസ്ഥാനത്തിൽ എസ്.എൽ.ആർ. ആയി നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനുശേഷമുള്ള സി.എൽ.ആർ/ എച്ച്.ആർ. ജീവനക്കാരുടെ സേവന വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശുദ്ധജലവിതരണം ഇല്ലാത്ത പഞ്ചായത്തുകൾ

54 (279) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലസേചനവകുപ്പ് ശുദ്ധജലവിതരണം നടത്താത്ത ഏതെങ്കിലും പഞ്ചായത്തുകളോ വാർഡുകളോ ഉണ്ടോ ;

(ബി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം കാരണങ്ങൾ കൊണ്ടാണ് ശുദ്ധജലവിതരണം നടത്താത്തതെന്ന് വിശദീകരിക്കാമോ ;

(ഡി) ഈ പ്രദേശങ്ങളിൽ ജലസേചന വകുപ്പ് ഏതു ഫണ്ടുപയോഗിച്ചാണ് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിലൊട്ടാകെ 9776 ഫാബിറ്റേഷനുകളുള്ളതിൽ 842 എണ്ണത്തിലാണ് നിലവിൽ ശുദ്ധജലവിതരണമില്ലാത്തത്. അവയുടെ ജില്ല തിരിച്ചുള്ള (വാർഡുകളുടെ എണ്ണം) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(സി) ജലത്തിന്റെ ഉറവിട ലഭ്യതക്കനുസൃതമായി ശുദ്ധജലവിതരണം ഇല്ലാത്ത ഫാബിറ്റേഷനുകൾക്ക് മുൻഗണന നൽകിയാണ് പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുകയും അവയുടെ അനുമതി നടപ്പിലാക്കിവരുന്നതും. ഉത്തരം (ബി)യിൽ പറഞ്ഞിട്ടുള്ള ഫാബിറ്റേഷനുകളിൽ 50 ശതമാനത്തിൽ ഏറെ ഫാബിറ്റേഷനുകളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിലേക്കുള്ള പദ്ധതികൾ നിലവിലുണ്ട്. അവയുടെ പണികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു. എന്നാൽ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനും ഉണ്ടാകുന്ന കാലതാമസം പദ്ധതി നടത്തിപ്പിന് തടസ്സമായി നിൽക്കുന്നു.

(ഡി) കേന്ദ്ര സർക്കാരിന്റെ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പരിപാടിയനുസരിച്ച് അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്.

ജപ്പാൻ സഹായത്തോടുകൂടി ആരംഭിക്കുന്ന ശുദ്ധജലവിതരണ പദ്ധതി

55 (280) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ സഹായത്തോടുകൂടി ആരംഭിക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ കൺസൾട്ടന്റ് നിയമനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്ത് ;

(ബി) ശുദ്ധജലവിതരണത്തിന് ജപ്പാനിൽ നിന്ന് കിട്ടുന്ന സഹായം എത്ര ;

(സി) ഈ സഹായം എത്ര കാലത്തിനുള്ളിലാണ് വിനിയോഗിക്കേണ്ടത് ;

(ഡി) ജപ്പാൻ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ കൺസൾട്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച് അഴിമതി ആരോപണത്തെപ്പറ്റി സംസ്ഥാന ഗവൺമെന്റ് അന്വേഷിച്ചുവോ ;

(ഇ) ഇതേ പ്രശ്നത്തെപ്പറ്റി സി.ബി.ഐ. അന്വേഷിച്ചിട്ടുണ്ടോ ;

(എഫ്) സി.ബി.ഐ.യുടെ അന്വേഷണ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(എച്ച്) സി.ബി.ഐ. അന്വേഷണ റിപ്പോർട്ട് സംസ്ഥാനത്തിന് ലഭിക്കാത്തപക്ഷം പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

32. MVIP-Constructing aqueduct bet. Ch. 2380 m to 2565 m of Marady major distributory.

33. MVIP-Constructing aqueduct bet. Ch. 4250 m to 4405 m Marady M.D.

34. MVIP-Constructing of I.B. at Piravom.

35. MVIP-Improvements to Kombanmala-Kuttikkattupady-Thekkumuttuppady road.

36. MVIP-Constructing RBMC from Ch. 22550 m to 23550 m including CD works.

37. MVIP-Constructing Muvattupuzha Branch canal from Ch. 7000 m to 8000 m including CD works.

38. MVIP-Constructing Kakkoor M.D from Ch. 2000 m to 4000 m including CD works.

39. MVIP-Constructing RBMC from Ch. 22015 m to 22328 m including CD works.

40. MVIP-Improvements to Kakkad Attutheeram Kakkad school road.

അനുബന്ധം XIII

[20-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 54(279)-ന്റെ 'ബി' ഉത്തരം ദയവായി കാണുക]

NC Habitations as on 1-4-2000

Sl. No.	District	No. of NC habitations
1.	Kasargode	2
2.	Kannur	4
3.	Wayanad	5
4.	Kozhikkode	29
5.	Malappuram	104
6.	Palakkad	31
7.	Thrissur	41
8.	Eranakulam	28
9.	Idukki	133
10.	Kottayam	102
11.	Alappuzha	104
12.	Pathanamthitta	51
13.	Kollam	115
14.	Thiruvananthapuram	93
	Total	**842**

LIBRARY ARCHIVES Kerala Legislative Assembly